

# സ്മാർട്ട് 2025-26

## എം.എം.ഒ.എ.എൽ.പി സ്കൂൾ നെല്ലിക്കുന്ന്

## അക്കാദമിക മാസ്റ്റർ പ്ലാൻ

# ഉള്ളടക്കം


| | | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 2 |
| 2 | കാഴ്ച്ചപ്പാട് | 4 |
| 3 | പൊതുലക്ഷ്യം | 5 |
| 4 | മലയാളം | 6 |
| 5 | ഗണിതം | 10 |
| 6 | പരിസരപഠനം | 14 |
| 7 | ഇംഗ്ലീഷ് | 20 |
| 8 | അറബി | 24 |
| 9 | വിവരസാങ്കേതിക വിദ്യ | 31 |
| 10 | കലാകായികം | 33 |
| 11 | ഉപസംഹാരം | 34 |

# ആമുഖം

കോഴിക്കോട് ജില്ലയിലെ മുക്കം മുനിസിപ്പാലിറ്റിയിലെ മണാശ്ശേരി നെല്ലിക്കുന്ന് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന സ്ഥാപനമാണ് എം.എം.ഒ.എ.എൽ.പി സ്കൂൾ നെല്ലിക്കുന്ന്. രണ്ട് തവണ ദേശീയ അവാർഡ് നേടിയ മുക്കം മുസ്ലീം അനാഥശാലയുടെ ഇരുപത്തിയഞ്ചോളം വരുന്ന സ്ഥാപനങ്ങളിൽ ഉൾപ്പെട്ടതും മണാശ്ശേരിയിലെ ഹോസ്റ്റലിലെ കുട്ടികളുടെയും പന്നൂളി കോളനിയിലെ മക്കളുടെയും പഠനം ലക്ഷ്യമാക്കി 1983 ൽ സ്ഥാപിതമായ വിദ്യാലയമാണിത്.സ്ഥാപക ജനറൽ സെക്രട്ടറിയും ആധുനിക മുക്കത്തിന്റെ ശില്പിയുമായ വി മൊയ്തീൻ കോയഹാജി സ്ഥാപിച്ച സ്കൂളിന് തൊട്ടടുത്തായി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂൾ. ആർട്സ് ആൻഡ് സയൻസ് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളുണ്ട്.

സംസ്ഥാന സർക്കാർ നടപ്പാക്കുന്ന സമഗ്ര ഗുണമേൻമ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രമാകുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ട് ഈ വിദ്യാലയം തയ്യാറാക്കിയ അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ സംക്ഷിപ്ത രൂപമാണിത്.

## നേട്ടങ്ങൾ

പാഠ്യ പാഠ്യേതര വിഷയങ്ങളിൽ സ്കൂൾ എന്നും മികവ് തെളിയിച്ചിട്ടുണ്ട്. സബ്ജില്ലാ കായികമേളയിൽ പലതവണ ഓവറോൾ ചാമ്പ്യൻഷിപ്പ് മികവ് നേടി സബ്ജില്ലയിലെ മികച്ച കായിക സ്കൂളായി തെളിയിച്ചിട്ടുണ്ട്. എൽ.എസ്.എസ്. ക്വിസ് മത്സരങ്ങൾ, ചിത്ര രചനാ മത്സരങ്ങൾ, അറബിക് കലാമേള, സബ്ജില്ലാ കലാമേള, തുടങ്ങിയവയിൽ മികച്ച പ്രകടനം കാഴ്ച്ച വെച്ചിട്ടുണ്ട്.

## പരിമിതികളും പ്രതിസന്ധികളും

ഓർഫനേജ് ഹോസ്റ്റലിലെ കുട്ടികളെ ലക്ഷ്യമാക്കി സ്ഥാപിച്ച സ്ഥാപനമായതു കൊണ്ടും വിശാലമായ 150 ഏക്കറോളം സ്ഥലം ഓർഫനേജിന്റേതായതിനാലും തൊട്ടടുത്ത് വീടുകളില്ലാത്തതിനാലും സ്കൂളിൽ കുട്ടികളുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. എന്നാൽ മാനേജ്മെന്റ് വാഹന സൗകര്യം ഏർപ്പെടുത്തിയതിനാൽ സമീപ പ്രദേശങ്ങളിൽ നിന്നും കൂടുതൽ മക്കളെ സ്കൂളിൽ എത്തിക്കാൻ കഴിയുന്നുണ്ട്. ഈ പ്രവർത്തനത്തിൽ PTA യുടെ പങ്ക് എടുത്ത് പറയേണ്ടതാണ്.

# കാഴ്ച്ചപ്പാട്

- നമ്മുടെ നാടിന്റെ സാമൂഹികവും സാംസ്കാരികവും മതനിരപേക്ഷ ജനാധിപത്യമൂല്യ ബോധവും പരസ്പര ബഹുമാനവും സ്നേഹവും സൗഹാർദ്ദവും സൂക്ഷിക്കാനും ഭരണഘടനാ മൂല്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുക
- 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ വികസനം ലക്ഷ്യമാക്കി പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയും വിധം സമൂഹത്തിലെ വിവിധ ഘടകങ്ങളെ ഏകോപിപ്പിക്കുക.
- സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിക്കുന്ന ആശയങ്ങളും ധാരണകളും നൈപുണികളും മൂല്യങ്ങളും നേടാനുള്ള അവസരം ഒരുക്കുക
- ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള അധ്യാപനം ഉറപ്പാക്കുക
- പഠന ബോധന രീതികൾ രസകരമായ അനുഭവമാക്കി മാറ്റുക
- കുട്ടികളുടെ സർഗക്രിയാശേഷികളെ പരിപോഷിപ്പിക്കുന്നതിന് ഭൗതികവും സർഗ്ഗാത്മകവുമായ പ്രവർത്തന പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുക.
- സ്വയം പഠനം, സംഘ പഠനം എന്നിവയിൽ കുട്ടികളെ പ്രാപ്തരാക്കൽ
- കുട്ടികളുടെ മാനസികവും ശാരീരികവുമായ. പ്രയാസണങ്ങങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ വിധ്യാലയത്തിൽ ഉറപ്പാക്കൽ
- വിദ്യാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും പൊതുസമൂഹത്തിന്റെയും രക്ഷിതാക്കളുടെയും മാനേജ്മെന്റിന്റെയും ക്രിയാത്മക ഇടപെടൽ ഉറപ്പു വരുത്തൽ

## പൊതു ലക്ഷ്യങ്ങൾ

- തുല്യ വിദ്യാഭ്യാസത്തിനും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകുക
- നാലാം തരം പൂർത്തിയാകുന്ന ഏതൊരു കുട്ടിക്കും ഭാഷകൾ, ഗണിതക്രിയകൾ, കലാ കായിക സാഹിത്യ രംഗങ്ങളിൽ മികവ് തെളിയിക്കാനുള്ള അവസരം ലഭ്യമാക്കുക
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ, ഭൗതിക സൗകര്യങ്ങൾ എന്നിവ വിദ്യാലയത്തിൽ ഉറപ്പാക്കുക.
- ഉന്നത നിലവാരത്തിനുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ  പരിപാടികൾ ആസൂത്രണം ചെയ്യുക.

## മേഖല : മലയാളം

- അതാത് ക്ലാസിൽ നിന്ന് അടിസ്ഥാന ഭാഷാ ശേഷികൾ അതത് ക്ലാസിൽ വെച്ച് തന്നെ നേടി എന്ന് ഉറപ്പാക്കും.
- സർഗാത്മക പ്രവർത്തനങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുക.
- പഠനോപകരണങ്ങൾ, ഐ.സി.ടി എന്നിവ ഫലപ്രദമായി ഉപയോഗിക്കൽ
- എല്ലാ ക്ലാസ് മുറികളും ഹൈടെക് സൗകര്യം ഉറപ്പക്കൽ
- ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
- കുട്ടിയെ മികച്ച എഴുത്തുകാരനും വായനക്കാരനുമാക്കൽ,
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക
- സി.പി.ടി.എ പ്രവർത്തനങ്ങൾ ഫലപ്രദവും കാര്യക്ഷമവുമാക്കൽ

# മേഖല മലയാളം

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
| --- | --- | --- | --- | --- | --- | --- | --- | --- |
| 1 | മൂന്ന് നാല് | അതത് ക്ലാസ്സിൽ നിന്ന് നേടേണ്ട അടിസ്ഥാനശേഷികൾ നേടി എന്ന് ഉറപ്പാക്കും | അവസ്ഥാ പഠനം | നേടേണ്ട ശേഷികൾ പട്ടികപ്പെടുത്തി ചോദ്യാവലി തയ്യാറാക്കി പ്രീ ടെസ്റ്റ് നടത്തുന്നു. മൂല്യ നിർണ്ണയം നടത്തി ഫലം ക്രോഡീകരിക്കുന്നു. അവലോകനം ചെ.യ്യുന്നു. സി.പി.ടി.എ യിൽ അവതരിപ്പിക്കുന്നു. | ജൂൺ 10 മുതൽ | 200/ | അതത് ക്ലാസ്സ് ടീച്ചർ | SRG<br>PTA<br>HM |
| 2 | രണ്ട് മുതൽ നാല് വരെ | അതത് ക്ലാസിൽ നിന്ന് നേടേണ്ട അടിസ്ഥാന ശേഷികൾ നേടി എന്ന് ഉറപ്പാക്കും | ‘ഒപ്പത്തിനൊപ്പം’പഠന പിന്നോക്കാവസ്ഥ പരിഹരിക്കൽ ( പ്രത്യേക ക്ലാസ്സ്) | പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തിയ കൂടുതൽ സപ്പോർട്ട് ആവശ്യമായ കുട്ടികൾക്ക് പ്രത്യേക ക്ലാസ്സ് സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ ഡിസംബർ വരെ | 500/ | അതത് ക്ലാസ്സ് ടീച്ചർ | SRG<br>PTA |
| 3 | മൂന്ന് നാല് | ുട്ടികളുടെ സർഗാത്മക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ | ചുമർപത്രം<br><br>കയ്യെഴുത്ത് പതിപ്പ് | ക്ലാസ്സ് ടീച്ചറുടെ സഹായത്തോടെ പത്രാധിപ സമിതി രൂപീകരിക്കുന്നു. ചുമർചിത്രം രണ്ടാഴ്ച്ചയിലൊരിക്കൽ<br>പതിപ്പ് സ്കൂളിലെ മുഴുവൻ കുട്ടികളും ചേർന്ന് | ജൂൺ മുതൽ<br><br>വർഷത്തിലൊരിക്കൽ | 500/<br><br>400/ | അതത് ക്ലാസ്സ് ടീച്ചർ<br><br>സ്കൂൾ ലീഡർ | HM<br><br>PTA |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 4 | ഒന്ന് മുതൽ നാല് വരെ | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | ക്ലാസ്സ് ലൈബ്രറി | കുട്ടികളുടെ സഹായത്തോടെ വായനാമൂല ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ | ജൂലൈ ആദ്യ വാരം | മുനിസിപാലിറ്റി സ്പോൺസർഷിപ്പ | അതത് ക്ലാസ്സ് ടീച്ചർ | SRG |
| 5 | | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | ക്ലാസ്സ് ലൈബ്രറി ശാക്തീകരണം | പുസ്തകവിതരണ രജിസ്റ്റർ കുട്ടി ലൈബ്രേറിയൻ വിവിധ തലക്കെട്ടോടെ ക്രമീകരണം<br>ബർത്ത് ഡേ പുസ്തക ശേഖരണം | ജൂൺ രണ്ടാം വാരം | 500/ | ലൈബ്രേറിയൻ | HM |
| 6 | ഒന്ന് മുതൽ നാല് വരെ | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | വായനോത്സവം | കുട്ടികളുടെ കൂട്ടായ്മ യോഗം സംഘടിപ്പിക്കൽ<br>വായനാ കുറിപ്പ്<br>പുസ്തക പരിചയം | ജൂൺ 19 വായനാദിനം മുതൽ | 250/<br>PTA | അതത് ക്ലാസ്സ് ടീച്ചർ | SRG |
| 7 | ഒന്ന് മുതൽ നാല് വരെ | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | പത്രവായന | വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കൽ<br>പത്ര വാർത്ത<br>പത്ര ക്വിസ് തയ്യാറാക്കൽ | മെയ്<br>ജൂൺ | 1,500/<br>സ്പോൺസർഷിപ്പ | PTA | PTA |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 8 | ഒന്ന് മുതൽ നാല് വരെ | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | അമ്മവായന | സ്കൂൾ ലൈബ്രറികളിൽ നിന്നും അമ്മമാർക്കും പുസ്തകം തെരഞ്ഞെടുക്കാൻ അവസരം | ജൂൺ അവസാന വാരത്തിൽ | | സ്കൂൾ ലൈബ്രേറിയൻ | PTA |
| 9 | ഒന്ന് മുതൽ നാല് വരെ | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | സർഗവേള ബാലസഭ | വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ സ്കൂളുകളിലും ക്ലാസ്സുകളിലും ബാലസഭ രൂപീകരണം | ജൂൺ അവസാനം മുതൽ | 500/ PTA | അതത് ക്ലാസ്സ് ടീച്ചർ, വിദ്യാരംഗം കൺവീനർ | HM SRG |
| 10 | മൂന്ന് നാല | കുട്ടികളെ മികച്ച വായനാക്കാരനും എഴുത്തുക്കാരനുമാക്കൽ | ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ വായന ഇ-വായന | ക്ലാസ്സ് മുറികളിലും സ്കൂളുകളിലും പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കൽ കമ്പ്യൂട്ടറുകളിൽ നിന്നും നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള നൈപുണി | ജൂലൈ മുതൽ ഒക്ടോബർ വരെ | 2500/ PTA | SRG | HM PTA |

# മേഖല : ഗണിതം

**ലക്ഷ്യങ്ങൾ**

- ഒന്നു മുതൽ 4 വരെയുള്ള കുട്ടികളുടെ ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ അറിയുന്നതിന്
- കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാകുന്നതിന്
- വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തിയുള്ള ആശയ വിനിമയം
- കുട്ടികൾക്ക് ഗണിത പഠനത്തിൽ താല്പര്യം ഉണ്ടാകുന്നതിന്
- പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിനും പഠന വിരസത ഒഴിവാക്കുന്നതിനും പഠനത്തിൽ താല്പര്യം ഉണ്ടാക്കുന്നതിനും
- കുട്ടികളുടെ പഠന നേട്ടവും നിലവാരവും രക്ഷിതാക്കളുമായി പങ്കു വെയ്ക്കുന്നതിന്

# മേഖല : ഗണിതം

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 1 | രണ്ട് മുതൽ നാല് വരെ | രണ്ടു മുതൽ നാല് വരെയുള്ള കുട്ടികളുടെ ഗണിതത്തിലെ അടിസ്ഥാനശേഷികളുടെ നിലവിലുള്ള അവസ്ഥ അറിയുന്നതിന് നിലവിലുള്ള അവസ്ഥ അറിയുന്നതിന് | അവസ്ഥാ പഠനം | നേടേണ്ട ശേഷികൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉണ്ടാക്കുന്നു ആവശ്യമുള്ളവ അച്ചടിക്കുന്നു. പ്രീ ടെസ്റ്റ് നടത്തുന്നു മൂല്യനിർണയം നടത്തി ഫലം ക്രോഡീകരിക്കുന്നു. അവലോകനം ചെയ്യുന്നു. SRG CPTA യിൽ അവതരിപ്പിക്കുന്നു. | ജൂൺ 10 മുതൽ | 300/ PTA | ക്ലാസ്സ് ടീച്ചർ | SRG CPTA |
| 2 | രണ്ട് മുതൽ നാല് വരെ | കുട്ടികൾക്ക് താഴ്ന്ന ക്ലാസ്സിലെ അടിസ്ഥാന ആശയങ്ങളിൽ ധാരണ ഉണ്ടാകുന്നതിന് | പരിഹാര ബോധനം | 2 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ അടിസ്ഥാനശേഷികൾ പട്ടികപ്പെടുത്തുന്നു പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുന്നു. വിനിമയം നടത്തി മൂല്യനിർണ്ണയം ചെയ്ത് SRG CPTA യിൽ അവതരിപ്പിക്കുന്നു. | ജൂൺ 10 മുതൽ ആഗസ്റ്റ് | | ക്ലാസ്സ് ടീച്ചർ | HM CPTA |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 3 | ഒന്ന് മുതൽ നാല് വരെ | വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പ് വരുത്തിയുള്ള ആശയ വിനിമയം | പാഠാസൂത്രണം | ആശയങ്ങൾ പട്ടികപ്പെടുത്തുക.<br>ICT സാധ്യത പട്ടികപ്പെടുത്തുക.<br>പ്രവർത്തനങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യുക.<br>പ്രവർത്തനങ്ങൾ വിനിമയം ചെയ്യുക.<br>മൂല്യനിർണ്ണയം നടത്തി അവലോകനം ചെയ്യുക. | ജൂൺ മുതൽ മാർച്ച് വരെ | | ക്ലാസ്സ് ടീച്ചർ | HM<br>CPTA |
| 4 | ഒന്ന് മുതൽ നാല് വരെ | ഗണിത ക്ലബ്ബ് | പരിഹാര ബോധനം | ക്ലബ്ബ് പ്രവർത്തനത്തിനുള്ള കലണ്ടർ<br>ആശയങ്ങളുമായി ബന്ധപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക<br>വിദഗ്ദരെ കണ്ടെത്തി ക്ലാസ്സുകൾ സംഘടിപ്പിക്കുക | മെയ് മുതൽ വാർഷിക കലണ്ടർ അടിസ്ഥാനമാക്കി | | ക്ലാസ് ടീച്ചർ<br>SRG കൺവീനർ | SRG<br>HM |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 5 | ഒന്ന് മുതൽ നാല് വരെ | പഠിക്കുന്ന ആശയങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തുന്നതിനും പഠന വിരസത ഒഴിവാക്കുന്നതിനും പഠന താല്പര്യം വളർത്തുന്നതിനും | പഠനോപകരണ ശില്പശാല | ആശയങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുക<br>സമയം കണ്ടെത്തുക<br>വിദഗ്ദരെ കണ്ടെത്തുക<br>പഠനോപകരണങ്ങൾ നിർമിക്കുക | ജൂൺ മുതൽ വാർഷിക കലണ്ടർ അനുസരിച്ച് | 2,500/ | ക്ലാസ്സ് ടീച്ചർ<br>SRG | HM<br>PTA<br>SRG |
| 6 | ഒന്ന് മുതൽ നാല് വരെ | കുട്ടികളുടെ പഠന നേട്ടവും പഠന നിലവാരവും രക്ഷിതാക്കളുമായി പങ്കു വെക്കുന്നതിന് | പി.ടി.എ മീറ്റിങ് | ഓരോ മാസവും രക്ഷിതാക്കളെ വിളിക്കുന്നതിനുള്ള സമയം നിശ്ചയിക്കുക.<br>രക്ഷിതാക്കളെ മുൻകൂട്ടി വിവരം അറിയിക്കുക.<br>യോഗം നടത്തുക | വാർഷിക കലണ്ടർ അനുസരിച്ച് | ക്ലാസ് ടീച്ചർ | | SRG<br>HM |
| 7 | ഒന്ന് മുതൽ നാല് വരെ | കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങളും മറ്റും സജ്ജീകരിച്ച് പഠനത്തിൽ കൂടുതൽ താല്പര്യം ഉണ്ടാക്കുക | ഗണിത ലാബ | ലാബ് സജ്ജീകരിക്കുക.<br>ലാബിലേക്കാവശ്യമായ സാധനങ്ങൾ കണ്ടെത്തുക.<br>പട്ടികപ്പെടുത്തുക. | ജൂലൈ ആഗസ്റ്റ | 2,000/ | ക്ലാസ്സ് ടീച്ചർ<br>CPTA | SRG<br>HM<br>PTA |

# മേഖല പരിസര പഠനം

**ലക്ഷ്യങ്ങൾ**

- ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക.
- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക.
- പരിസ്ഥിതിയെ സംരക്ഷിക്കാനും പരിസര ശുചിത്വവും വ്യക്തി ശുചിത്വവും ഉറപ്പ് വരുത്തുക.

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 1 | ഒന്ന് മുതൽ നാല് വരെ | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക | ശാസ്ത്ര ലാബ് | പരിസര പഠനവുമായി ബന്ധപ്പെട്ട് ലഭ്യമായവ മുഴുവൻ ഒരു മുറിയിൽ സജ്ജീകരിക്കുക. (കുട്ടികൾ ശാസ്ത്ര ക്ലാസ്സിൽ നിർമിക്കുന്നവ, പി.ടി.എ വഴി ശേഖരിക്കുന്നവയും മറ്റു പഠനോപകരണങ്ങളും)ആവശ്യാനുസരണം എടുക്കുകയും ഉപയോഗിക്കുകയും ചെയ്യാൻ പേരെഴുതി റാക്കിൽ വെയ്ക്കുന്നു | ആറ് മാസം | സ്പോൺസർഷിപ്പ് പി.ടി.എ | ടീച്ചർ | PTA |
| 2 | ഒന്ന് മുതൽ നാല് വരെ | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക | ശാസ്ത്ര ക്ലബ്ബ് | ഓരോ ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കുന്ന കുട്ടികളെ ഉൾപ്പെടുത്തി ഒരു അധ്യാപകന്റെ നേതൃത്വത്തിൽ ക്ലബ്ബ് രൂപീകരണം (4x5)ശാസ്ത്ര പ്രവർത്തനങ്ങളിൽ പങ്കാളികളാവുക. | ജൂൺ രണ്ടാം ആഴ്ച | | ശാസ്ത്രാധ്യാപകൻ | HM |
| 3 | ഒന്ന് മുതൽ നാല് വരെ | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക | ശാസ്ത്ര ക്വിസ് | ദിനാചരണങ്ങളുടെ ഭാഗമായി പ്രശ്നോത്തരി മത്സരങ്ങൾ നടത്തുക. (പരിസ്ഥിതി ദിനം, ചാന്ദ്രദിനം, ഹിരോഷിമ-നാഗസാക്കി ദിനം, ഭൗമദിനം, ജലദിനം.... തുടങ്ങിയ ദിനങ്ങളിൽ | പത്ത് മാസം | 500/ | ക്ലാസ്സ് ഇൻ ചാർജ്ജ് | HM |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 4 | ഒന്ന് മുതൽ നാല് വരെ | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ | ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ കുട്ടികൾക്ക് സ്വന്തമായി ചെയ്യാൻ കഴിയുന്ന ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. (ഹൈഡ്രജൻബലൂൺ, മഴ പെയ്യിപ്പിക്കൽ, വിവിധ ലായനികൾ പരിചയപ്പെടൽ, മഴവില്ല് നിറങ്ങൾ പരിചയപ്പെടൽ) | | 3,000/ | PTA | HM<br>PTA |
| 5 | | | ഫീൽഡ് ട്രിപ്പ് | നിത്യജീവിതത്തിൽ ശാസ്ത്രം എത്രമാത്രം പ്രയോജനപ്പെടുന്നു എന്ന് ബോധ്യപ്പെടുന്ന ശാസ്ത്ര പാർക്ക്, കുടിൽ വ്യവസായങ്ങൾ, വ്യവസായശാലകൾ, മുതലായവ സന്ദർശിക്കുന്നു. | | 15,000/ | SRG | HM<br>PTA |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 6 | ഒന്ന് മുതൽ നാല് വരെ | ശാസ്ത്ര വിഷയങ്ങളിൽ താല്പര്യം വളർത്തുക | ശാസ്ത്രജ്ഞരെ അറിയൽ മഹാന്മാരെ അറിയൽ | വിവിധ കണ്ടുപിടിത്തങ്ങൾ നടത്തിയ ശാസ്ത്രജ്ഞരെയും സ്വാതന്ത്ര സമര സേനാനികൾ, ചരിത്ര പുരുഷന്മാർ, കവികൾ, കലാകാരന്മാർ എന്നിവരുടെ ചിത്രം. ചരിത്രം, വിവരണങ്ങൾ എന്നിവ പരിചയപ്പെടുന്നു. ശരേ സാധ്യത ഉപയോഗിച്ച് കൂടുതൽ വ്യക്ത വരുത്തുന്നു. | | 2500/ | ശാസ്ത്രാധ്യാപകൻ | |
| 7 | ഒന്ന് മുതൽ നാല് വരെ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | പരിസ്ഥിതി ക്ലബ്ബ് | എല്ലാ ക്ലാസ്സിലെയും പരിസ്ഥിതി തല്പരരായ കുട്ടികളുടെ കൂട്ടായ്മയിൽ നിന്നും പ്രതിനിധികളെ ഉൾപ്പെടുത്തി സ്കൂളിന്റെ പരിസ്ഥിതി ക്ലബ്ബ് രൂപീകരിക്കുന്നു. ശേഷം പ്രവർത്തന രൂപരേഖയുണ്ടാക്കി ക്ലബ്ബ് പ്രവർത്തനം ആരംഭിക്കുന്നു. | ജൂൺ മാസം | 200/ | ശാസ്ത്രാധ്യാപകൻ | HM |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 8 | ഒന്ന് മുതൽ നാല് വരെ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ജൈവ വൈവിധ്യ പാർക്ക് | അധ്യാപകരുടെയും വിദ്യാർഥികളുടെയും രക്ഷിതാക്കളുടെയും മാനേജ്മെന്റിന്റെയും കൂട്ടായ്മയിലൂടെ സ്കൂൾ കുട്ടികളുടെ കളി മുറ്റമാക്കി മാറ്റുക. ജൈവവേലി, പൂന്തോട്ടം, ഔഷധത്തോട്ടം, കുളം, പച്ചക്കറി കൃഷി, കളി സ്ഥലം, പക്ഷി മൃഗാദികളെ ആകർഷിക്കാൻ വെള്ളം, ഭക്ഷണം , ഇരിപ്പിടം, പാർക്ക് തുടങ്ങി സ്കൂളിനും പരിസരത്തിനും അനുയോജ്യമായ പ്രകൃദിദത്ത പാർക്കിന്റെ നിർമാമണവും സംരക്ഷണവും. | 20 മാസം | 2,50,000/ | മാനേജ്മെന്റ്<br>സ്പോൺസർഷിപ്പ്<br>PTA | PTA<br>മാനേജ്മെന്റ് |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 9 | ഒന്ന് മുതൽ നാല് വരെ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ജല-ജൈവ സംരക്ഷണം | തന്റെ ചുറ്റുപാടിൽ നിന്ന് ലഭ്യമാകുന്ന ജല സ്രോതസ്സുകൾ കിണർ, കുളം, തോട്, പുഴ സംരക്ഷിക്കുന്നതിന് വീട്ടിലും സ്കൂളിലും പ്രകൃതി വിഭവങ്ങൾ (വെള്ളവും മറ്റും) കരുതലോടെ ഉപയോഗിക്കുവാനും വരും തലമുറക്ക് കരുതി വെക്കുവാനുമുള്ള പരിശീലനം നൽകുന്നു. പ്രകൃതിയെ അറിഞ്ഞു ജീവിക്കാൻ പ്രേരിപ്പിക്കുന്നു. | | | ക്ലാസ് ടീച്ചർ | SRG HM |
| 10 | ഒന്ന് മുതൽ നാല് വരെ | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | ബോധവൽകരണ ക്ലാസ്സ് | കാലാവസ്ഥയിലുണ്ടാകുന്ന മാറ്റവും പ്രകൃതി ദുരന്തങ്ങളും പ്രകൃതിദത്ത സന്തുലിതാവസ്ഥ ഇല്ലാതാകുമ്പോൾ സംഭവിക്കുന്നതാണെന്ന് ബോധ്യപ്പെടുത്തുന്ന ക്ലാസ്സുകൾ, CD പ്രദർശനം മുതലായവ സംഘടിപ്പിക്കുന്നു. | | | ശാസ്ത്ര ക്ലബ്ബ് | SRG HM |

# മേഖല ഇംഗ്ലീഷ്

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികളെയും ഇംഗ്ലീഷ് സംസാരിക്കാനും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- ഇംഗ്ലീഷ് ഭാഷാ പിന്നോക്കാവസ്ഥ പരിഹരിക്കുക.
- ഇംഗ്ലീഷ് ഭാഷാ പഠനാന്തരീക്ഷം രൂപപ്പെടുത്തുക.
- സർഗ്ഗ കഴിവുകൾ ഇംഗ്ലീഷ് ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കലും പഠനം രസകരമാക്കലും.

# മേഖല ഇംഗ്ലീഷ്

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 1 | രണ്ട് മുതൽ നാല് വരെ | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും എഴുതാനും പ്രാപ്തനാക്കുക | വായന | വായിക്കാൻ അറിയാത്തവരെ കണ്ടെത്തി അവർക്ക് ഇംഗ്ലീഷ് അക്ഷരങ്ങളുടെ ശബ്ദം (sound) പരിചയപ്പെടുത്തുന്നു. വായനയിലേക്ക് ഘട്ടംഘട്ടമായി എത്തിക്കുന്നു. | ജൂൺ മുതൽ | 250/ | ടീച്ചർ | HM |
| 2 | രണ്ട് മുതൽ നാല് വരെ | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും എഴുതാനും പ്രാപ്തനാക്കുക | വായനാമത്സരം | ക്ലാസ്സിലും അസംബ്ലിയിൽ ക്ലാസ്സ് അടിസ്ഥാനത്തിലും വായനാമത്സരം നടത്തുക. മെച്ചപ്പെട്ടവ കണ്ടെത്തി പ്രോൽസാഹന സമ്മാനം നൽകൽ | ജൂൺ മുതൽ | 1000/ | SRG | HM |
| 3 | ഒന്ന് മുതൽ നാല് വരെ | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും എഴുതാനും പ്രാപ്തനാക്കുക | ഇംഗ്ലീഷ് അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ചേരൽ. അതിൽ English Speech, English rhymes, Action sing, Stories മുതലായവ ഉൾപ്പെടുത്തുക. | 10 മാസം | | SRG | HM |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 4 | ഒന്ന് മുതൽ നാല് വരെ | എല്ലാ കുട്ടികളെയും ഇംഗ്ലീഷ് വായിക്കാനും സംസാരിക്കാനും എഴുതാനും പ്രാപ്തനാക്കുക | ഇംഗ്ലീഷ് ഡേ | രണ്ടാഴ്ച്ചയിൽ ഒരിക്കൽ English Day. ആ ദിവസം സ്കൂളിൽ ഇംഗ്ലീഷ് മാത്രം സംസാരിക്കുവാൻ ശ്രദ്ധിക്കുക. ആത്മവിശ്വാസത്തോടെ അറിയുന്നത് പറയാനും ചെയ്യാനുമുള്ള പ്രോൽസാഹനം നൽകുക. III, IV ക്ലാസ്സുകൾ പൂർണമായും I,II ക്ലാസ്സുകൾ 50% എങ്കിലും ഇംഗ്ലീഷ് മാത്രം സംസാരിക്കുക. സാകൂളിൽ പൊതുവായി English atmosphere ഉണ്ടാക്കുക | 10 മാസം | | SRG | HM |
| 5 | ഒന്ന് മുതൽ നാല് വരെ | ഇംഗ്ലീഷ് പിന്നോക്കാവസ്ഥ പരിഹരിക്കുക | Picture Dictionary | ഒരു നോട്ടു ബുക്കിൽ Flowers, animals, Birds..... തലക്കെട്ടു കൊടുത്ത് അനുയോജ്യമായ ചിത്രങ്ങൾ മാത്രം കുട്ടി തന്നെ ഒട്ടിച്ച് അതിനു താഴെ അതിന്റെ പേരും സ്വയം കണ്ടെത്തി എഴുതൽ. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ദിവസം 1,2,3,4 ചിത്രം ഒട്ടിക്കാം. എഴുതാം, പഠിക്കാം. | ജൂൺ | | ടീച്ചർ | HM |

# മേഖല അറബി

**ലക്ഷ്യങ്ങൾ**

- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ വരുത്തുക
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുക.
- ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തുന്നതിലൂടെ ഭാഷാവികാസം സാധ്യമാക്കുക.
- സർഗ്ഗ കഴിവുകൾ ഭാഷാ പഠനത്തിലൂടെ വികസിപ്പിക്കലും അറബി ഭാഷാ പഠനത്തിൽ താല്പര്യമുണ്ടാക്കലും.
- ലോകഭാഷകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അറബിഭാഷ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ.
- വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഉറപ്പ് വരുത്തുക.

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 1 | ഒന്ന് മുതൽ നാല് വരെ | കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക | മുന്നറിയിപ്പ് പരിശോധിക്കൽ | രണ്ടു മുതൽ നാല് വരെയുള്ള ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാനശേഷികൾ പട്ടികപ്പെടുത്തി, പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കൽ (പ്രീ ടെസ്റ്റ്) | ജൂൺ 10 മുതൽ | 300/ PTA | അറബി ടീച്ചർ | SRG |
| | | | പരിഹാര ബോധനം | പ്രീ ടെസ്റ്റിലൂടെ കണ്ടെത്തിയ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുക. (അക്ഷരങ്ങൾ ഉറപ്പിക്കൽ, വാചകങ്ങൾ നിർമിക്കൽ, ഭാഷ കളികൾ) | ജൂൺ 10 മുതൽ ആഗസ്റ്റ് | | അറബി ടീച്ചർ | SRG |
| | | | പ്രൈമറി ക്ലാസ്സ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക | എല്ലാ കുട്ടികളുടെയും പഠന പങ്കാളിത്തവും എല്ലാവർക്കും പഠന നേട്ടവും ഉറപ്പാക്കുന്നതിനായി പ്രക്രിയ ബന്ധിതവും പ്രവർത്താനാധിഷ്ഠിതവുമായ പാഠാസൂത്രണവും പഠനോപകരണങ്ങൾ തയ്യാറാക്കലും | ജൂൺ മുതൽ മാർച്ച് വരെ | | അറബി ടീച്ചർ | HM |
| | | | | ICT അധിഷ്ഠിതമായ പഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കുക. | ജൂൺ മാർച്ച് | | അറബി ടീച്ചർ | SRG |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 2 | ഒന്ന് മുതൽ നാല് വരെ | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർധിപ്പിക്കുക | അറബിക് ലൈബ്രറിയും വായനാ മത്സരവും | വായനക്കാവശ്യമായ തരത്തിൽ ലളിതമായ കഥ, ചിത്രക്കഥ, കവിത പുസ്തകങ്ങൾ, ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ തലത്തിൽലൈബ്രറി സജ്ജീകരിക്കൽ | ജൂലൈ ആദ്യവാരത്തിൽ | സ്പോൺസർഷിപ്പ് | അറബി ടീച്ചർ | HM<br>PTA |
| | | | | രണ്ടു മുതൽ നാലു വരെ ക്ലാസ്സുകളിൽ ക്ലാസ്സ് അടിസ്ഥാനപ്പെടുത്തി വായനാമത്സരം നടത്തുക | ടേമിൽ ഒന്ന് | | അറബി ടീച്ചർ | SRG |
| | | | | ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് ചിത്ര വായനാ മത്സരം നടത്തുക. | ടേമിൽ ഒന്ന് | | അറബി ടീച്ചർ | SRG |
| | | | | സ്കൂൾ ആകാശവാണി പ്രോഗ്രാമിൽ അറബി ന്യൂസ് റീഡിംഗ് ഉൾപ്പെടുത്തുക. | ജൂലൈ മുതൽ | | അറബി ടീച്ചർ | SRG |
| | | | ക്ലാസ്സ് പതിപ്പും സ്കൂൾ പതിപ്പും | ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ ലഭ്യമാവുന്ന എഴുത്ത് ഉല്പന്നങ്ങൾ ക്രോഡീകരിക്കുകയും ക്ലാസ്സ് പതിപ്പ് തയ്യാറാക്കുകയും ചെയ്യുക. | ടേം അടിസ്ഥാനപ്പെടുത്തി | 500/<br>PTA | അറബി ടീച്ചർ | SRG |
| | | | | അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി സ്കൂൾ പതിപ്പ് തയ്യാറാക്കുക. | വർഷത്തിൽ ഒന്ന് | 1000/<br>PTA | അറബി ക്ലബ്ബ് | SRG |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 3 | ഒന്ന് മുതൽ നാല് വരെ | ഐ.ടി സാധ്യത പ്രയോജനപ്പെടുത്തുന്നതിലൂടെ ഭാഷാ വികാസം സാധ്യമാക്കുക. | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ | ഒന്നു മുതൽ നാല് വരെ ക്ലാസ്സുകളിലെ പാഠാവതരണം CD ഉപയോഗപ്പെടുത്തി നിർവ്വഹിക്കുക. യൂണിറ്റ് തുടക്കത്തിലെ Big Picture, അനുബന്ധ വീഡിയോകൾ തുടങ്ങിയവ | വാർഷിക കലണ്ടർ അനുസരിച്ച് | 500/ | അറബി ടീച്ചർ | HM |
| | | | | കവിതാലാപനം, പക്ഷികൾ, മൃഗങ്ങൾ, കളറുകൾ, എണ്ണം, പൂക്കൾ, പച്ചക്കറികൾ, പഴവർഗങ്ങൾ തുടങ്ങിയവ കമ്പ്യൂട്ടറിന്റെ ഉപയോഗത്തോടെ ചിത്രസഹിതം കുട്ടികൾക്ക് മനസ്സിലാക്കാനുള്ള അവസരം | വാർഷിക കലണ്ടർ അനുസരിച്ച് | 500/ PTA | അറബി ടീച്ചർ | HM |
| | | | സാമൂഹ്യ പാരിസ്ഥിതിക ശുചിത്വ ബോധം ഉണ്ടാക്കൽ | ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിലെ ഓരോ യൂണിറ്റിലും കുട്ടികൾ നേടിയെടുക്കേണ്ട മൂല്യങ്ങൾ ഉറപ്പിക്കുന്നതിന് അവയുമായി ബന്ധപ്പെട്ട വീഡിയോ ഇള കൾ കുട്ടികൾക്ക് കാണാനുള്ള അവസരം ഉണ്ടാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | PTA | അറബി ടീച്ചർ | SRG |
| | | | | വൃദ്ധർ ശാരീരിക മാന സിക വെല്ലുവിളി നേരിടുന്ന കുട്ടികൾ, രോഗം കാരണം അവശത അനുഭവിക്കുന്നവർ തുടങ്ങിയവരുടെ ജീവിതാ വസ്ഥ CD പ്രദർശനത്തിലൂടെ കാണാൻ സാധ്യത ഒരുക്കുക | ജൂൺ മുതൽ മാർച്ച് വരെ | PTA | അറബി ടീച്ചർ | SRG |

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | ഒന്ന് മുതൽ നാല് വരെ | സർഗ്ഗ കഴിവുകൾ ഭാഷാപഠനത്തിലൂടെ വികസിപ്പിക്കലും അറബി ഭാഷാ പഠനത്തിൽ താല്പര്യം ഉണ്ടാക്കലും | അറബി ക്ലാസ്സ് സഭ | പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (കഥ, കവിത, ചിത്രീകരണം എന്നിവ) ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | വാർഷിക കലണ്ടർ അടിസ്ഥാനത്തിൽ | | അറബി ടീച്ചർ | |
| | | | അറബിക് ഫെസ്റ്റും ഉൽപ്പന്ന പ്രദർശനവും | ക്ലാസ്സ് സഭകളിൽ നിന്ന് സെലക്ട് ചെയ്ത പ്രോഗ്രാമുകളുടെ സ്കൂൾതല അവതരണം | വർഷത്തിൽ ഒരു തവണ | | അറബി ടീച്ചർ | PTA SRG |
| | | | | പാഠ്യപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ നിന്നും ലഭ്യമായ കുട്ടികളുടെ ഉൽപന്നങ്ങൾ പ്രദർശനം | മാർച്ച് ആദ്യ വാരം | | അറബി ടീച്ചർ | PTA SRG |
| | | | ചിത്ര രചനയും നിർമാണവും | ഓരോ യൂണിറ്റിന്റെയും അവസാനം ആ യൂണിറ്റിൽ പരാമർശിച്ച ആശയത്തെ ഉൾപ്പെടുത്തി ചിത്രാരചനാ മത്സരവും വസ്തുക്കളുടെ നിർമാണവും | കലണ്ടർ അടിസ്ഥാനത്തിൽ | 500/ PTA | അറബി ടീച്ചർ | SRG |
| | | | സബ്ജില്ലാ കലോത്സവം | സബ്ജില്ലാ കലോത്സവത്തിൽ അറബിക് കലോത്സവത്തിൽ എല്ലാ ഇനത്തിലും പങ്കാളിത്തം ഉറപ്പാക്കുക, പരിശീലനം നൽകുക | ആഗസ്റ്റ് മുതൽ | | ടീച്ചർ, രക്ഷിതാക്കൾ | PTA |

# മേഖല അറബി

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | ഒന്ന് മുതൽ നാല് വരെ | ലോകഭാഷകളിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കൽ | ആശയവിനിമയം അറബിയിലൂടെ | ഓരോ ക്ലാസ്സിന്റെയും നിലവാരത്തിനനുസരിച്ച് പാഠാവതരണം, ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമേ കുട്ടികൾ ദൈനംദിനം നടത്തുന്ന ആശയ വിനിമയങ്ങൾ അറബിയിലാക്കുക | ജൂൺ മുതൽ മാർച്ച് വരെ | | | |
| | | | സംസാരിക്കുന്നത് (അറബി) കേൾക്കാനുള്ള സാധ്യത ഒരുക്കൽ | CD കൾ ഉപയോഗപ്പെടുത്തി അറബിക് കാർട്ടൂൺ, കവിതകൾ തുടങ്ങിയവ കുട്ടികളെ കേൾപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | | ടീച്ചർ | |
| | | | സംസാരിക്കുന്നതിന് അവസരം സൃഷ്ടിക്കൽ | ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ(കഥ, കവിത, ചിത്രീകരണം എന്നിവ) ക്ലാസ്സിൽ അവതരിപ്പിക്കുമ്പോൾ മുഴുവൻ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ | വാർഷിക കലണ്ടർ അടിസ്ഥാനത്തിൽ | | അറബി ടീച്ചർ | ക്ലാസ്സ് ടീച്ചർ |

## മേഖല അറബി

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| 5 | ഒന്ന് മുതൽ നാല് വരെ | വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ നേട്ടത്തിലൂടെ ഉറപ്പ് വരുത്തുക. | അറബി ക്ലബ്ബ് | ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികളിൽ നിന്നും വ്യത്യസ്ത അഭിരുചികളുള്ള കുട്ടിയെ തെരഞ്ഞെടുത്ത് ക്ലബ്ബ് രൂപീകരിക്കുക. (സ്കൂൾ തലത്തിൽ) | ജൂലൈ ആദ്യ വാരം | | അറബി ടീച്ചർ | SRG HM |
| | | | | പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ക്ലബ്ബിന്റെ നേതൃത്വത്തിൽ | ജൂലൈ മുതൽ | | അറബി ടീച്ചർ | HM PTA |
| | | | സാമൂഹ്യ പാരിസ്ഥിതിക ആരോഗ്യ ശുചിത്വ ബോധം ഉണ്ടാക്കൽ | പ്രാദേശിക പരിഗണന കണ്ടെത്തി ക്ലാസ്സ് പ്രവർത്തനങ്ങൾ രൂപ കൽപ്പന ചെയ്യുക. | മെയ് മുതൽ ടേം അടിസ്ഥാനത്തിൽ | | അറബി ടീച്ചർ | HM |
| | | | | സാമൂഹ്യപരവും പാരിസ്ഥിതികപരവുമായി പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര.(ഫീൽഡ് ട്രിപ്പ്) | | | | SRG |
| | | | | ആരോഗ്യ ശുചിത്വ ബോധവൽക്കരണത്തിന്റെ ഭാഗമായി അറബിക് ക്ലബ്ബിന്റെ നേതൃത്വത്തിൽ ചുമർ ചിത്രങ്ങൾ, പോസ്റ്ററുകൾ സ്ഥാപിക്കൽ.. | | | | SRG |

## മേഖല അറബി

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | | എല്ലാ ക്ലാസ്സ് മുറികളിലും ഹൈടെക് സംവിധാനം ഉറപ്പു വരുത്തൽ | ഐ.ടി ക്ലാസ്സ് റൂമുകൾ, AC ക്ലാസ്സ് മുറികൾ, സ്മാർട്ട് TV | ക്ലാസ്സ് മുറികൾ പൊടിരഹിതമാക്കുന്നതിനായി നിലം ടൈൽസ് പതിക്കുക.<br>ICT സൗകര്യം ഉറപ്പാക്കുക.<br>ക്ലാസ്സ് റൂമുകളിൽ സ്മാർട്ട് TV സിസ്റ്റം സ്ഥാപിക്കൽ | മെയ് മുതൽ മാർച്ച് | 5 ലക്ഷം | മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർഥികൾ<br>PTA | മാനേജ്മെന്റ്<br>പൂർവ്വ വിദ്യാർഥികൾ<br>PTA |
| | | പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾക്ക് കഇറ സാധ്യത പ്രയോജനപ്പെടുത്തൽ | ലൈബ്രറി | കമ്പ്യൂട്ടറും ഇന്റർനെറ്റ് സൗകര്യവും ഉപയോഗിച്ച് ഇ-വായനയും സ്കൂൾ വിക്കി, ലസമഗ്ര, കളിപ്പെട്ടി തുടങ്ങിയവ പരിചയപ്പെടൽ | | | Class Teacher | HM |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | പാഠ്യപാഠ്യേതര പ്രവർത്തന ങ്ങൾക്ക് ICT സാധ്യത പ്രയോ ജനപ്പെടുത്തൽ | ഡോക്യുമെന്റേഷൻ | സ്കൂളിൽ നടക്കുന്ന പ്രത്യേക പരി പാടികൾ മുഴുവനും Audio, Video, Picture എന്നിവയിലാക്കി ഡോക്യു മെന്റ് ചെയ്യൽ | | 5000/ | SRG | HM |
| | | | ഭിന്ന ശേഷിക്കാർ ക്ക് പ്രത്യേക ക്ലാസ്സ് | IT@School ന്റെ കളിപ്പെട്ടിയുടെ സാധ്യതയും സമഗ്രയും ഉപയോഗി ച്ച് ഭിന്ന ശേഷിക്കാർക്കും പിന്നോ ക്കക്കാർക്കും ഹൈടെക് സംവിധാ നം ഉപയോഗിച്ച് ക്ലാസ്സ് ലളിതവും ആകർഷകവുമാക്കൽ | | 1000/ | IT Teacher | |

**മേഖല വിവര സാങ്കേതിക വിദ്യ**

| നമ്പർ | ക്ലാസ്സ് | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | പ്രക്രിയ വിശദാംശങ്ങൾ | കാലം | സാമ്പത്തിക വിഭവം | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|---|---|
| | ഒന്ന് മുതൽ നാല് വരെ | കായിക പരിശീലനം കാര്യക്ഷമമാക്കൽ | കായിക പരിശീലനം | ഒഴിവ് സമയങ്ങളിലും വൈകുന്നേരവും കായിക പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | 1000/ സ്പോൺസർ | അതത് ക്ലാസ്സ് ടീച്ചർ | |
| | | സ്കൂളിലെ സർഗ്ഗവാസനയെ പ്രോൽസാഹിപ്പിക്കൽ | സ്കൂൾ റേഡിയോ | ഓരോ ദിവസത്തെയും പ്രധാന പരിപാടികളും സംഭവങ്ങളും കുട്ടികൾ വാർത്താ രൂപത്തിൽ തയ്യാറാക്കി ആഴ്ച്ചയിൽ ഒരു ദിവസം അവതരിപ്പിക്കുന്നു. | ജൂൺ രണ്ടാം വാരം മുതൽ | | സോഷ്യൽ ക്ലബ്ബ് | HM<br>PTA |

**മേഖല കലാ കായിക വിദ്യാഭ്യാസം**

# ഉപസംഹാരം

2025-26 വർഷത്തേക്കുള്ള സമഗ്ര വികസന പദ്ധതിയാണിത്. ഇതിൽ നിന്നും ഓരോ പദ്ധതികളും സൂക്ഷമതല ത്തിൽ ആസൂത്രണം ചെയ്യണം. ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും വേണം.

അധ്യാപകരുടേയും രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും എസ്.എസ്.ജിയുടെയും സംയുക്താഭിമുഖ്യ ത്തിൽ രൂപപ്പെടുത്തിയുള്ള ഒരു പദ്ധതിയാണിത്. എല്ലാവരുടേയും പൂർണ സഹകരണത്തോടെ മാത്രമേ ഇത് വിജയിപ്പി ക്കാൻ കഴിയൂ. സഹകരണം പ്രതീക്ഷിക്കുന്നു.

